കേന്ദ്ര ലൈബ്രറികളായി അംഗീകരിച്ചിട്ടുള്ള പഞ്ചായത്തു ലൈബ്രറികൾ

* 69. [96] ശ്രീ. എസ്. ദാമോദരൻ † : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ബ്ലോക്കിൽ ഒരു പഞ്ചായത്ത് കേന്ദ്ര ലൈബ്രറി എന്ന സ്കീം അനുസരിച്ച് സംസ്ഥാനത്ത് ഇപ്പോൾ എത്ര പഞ്ചായത്ത് ലൈബ്രറികളെ അപ്രകാരം കേന്ദ്ര ലൈബ്രറികളായി അംഗീകരിച്ചിട്ടുണ്ട്;

(ബി) ഈ സ്കീം അനുസരിച്ച് ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പഞ്ചായത്ത് ലൈബ്രറികളെയാണ് ബ്ലോക്ക് കേന്ദ്രലൈബ്രറികളായി അംഗീകരിച്ചിട്ടുള്ളത് ?

തദ്ദേശസ്വയംഭരണമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) ഇതേക്കുറിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. പ്രസ്തുത പ്രശ്നം പഞ്ചായത്ത് ഡയറക്ടരുടെ സജീവ പരിഗണനയിലാണ്.

(ബി) ആലപ്പുഴ ജില്ലയിൽ പന്തളം തെക്കേക്കര, വെൺമണി, കവിയൂർ എന്നീ പഞ്ചായത്തു ലൈബ്രറികളെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്ന പ്രശ്നം പരിഗണനയിലുണ്ട്.

ശ്രീ. കെ. സോമശേഖരൻനായർ : അങ്ങനെ ഒരു കേന്ദ്ര ലൈബ്രറി ഉണ്ടാകുന്നതുകൊണ്ട് പഞ്ചായത്തുകളിൽ ഇന്നു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ലൈബ്രറികൾക്ക് ശാസ്ത്രീയമായ തരത്തിലുള്ള നല്ല പുസ്തകങ്ങൾ ശേഖരിച്ചുകൊടുക്കുന്നതിന് കഴിയുമെന്നും അതുകൊണ്ട് കേന്ദ്ര ലൈബ്രറി കഴിയുന്നതും വേഗം ഉണ്ടാക്കുന്നതിലേക്കാവശ്യമായ നടപടി സ്വീകരിക്കുന്നത് ഇന്നു ശാസ്ത്രീയമായ നല്ല പുസ്തകങ്ങൾ വാങ്ങിച്ചു വായിച്ചു പഠിക്കുന്നതിന് സൗകര്യമില്ലാത്ത വിദ്യാർത്ഥികളെ സഹായിക്കുകകൂടി ചെയ്യുമെന്നും ഗവൺമെന്റ് കരുതുന്നുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : അങ്ങനെ കരുതിയതുകൊണ്ടാണ് ഈ നടപടി ആരംഭിച്ചിട്ടുള്ളത്.

ആശുപത്രി ജീവനക്കാരുടെ ഡ്യൂട്ടി സമയം വർദ്ധിപ്പിച്ചത് ക്യാൻസൽ ചെയ്യാൻ നടപടി

* 70. [97] ശ്രീ. വി. എസ്. അച്യുതാനന്ദൻ ‡ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും ജോലി ചെയ്തു വരുന്ന നേഴ്സുമാരും മറ്റ് ജീവനക്കാരും എട്ടുമണിക്കൂർ ജോലി ചെയ്യുന്നതിനുള്ള വ്യവസ്ഥ മാറ്റം ചെയ്ത് അതിൽനിന്ന് അരമണിക്കൂർകൂടി മുമ്പ് ഡ്യൂട്ടിക്ക് ഹാജരാകണമെന്ന് നിർദ്ദേശിക്കുന്ന ഒരു പുതിയ ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത്;

(ബി) പ്രതിമാസം 15 മണിക്കൂർ ഇതിലേക്ക് കൂടുതൽ വിനിയോഗിക്കേണ്ടി വരുന്നതുകൊണ്ട് ജീവനക്കാർക്ക് ഇതിനായി പ്രത്യേക അലവൻസ് വല്ലതും നൽകുന്നുണ്ടോ;

† Put by Shri K. Somasekharan Nair

‡ Put by Shri R. Krishnan (Palghat)

LIBRARY ARCHIVES Kerala Legislative Assembly